# FY-338

Reg. No. : ......................................

Name : ..........................................

## FIRST YEAR HIGHER SECONDARY EXAMINATION, MARCH 2025

Part – III

**SOCIOLOGY**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

**I. 1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (9 × 1 = 9)**

1. ഒരേ സ്ഥലത്ത് ഒരേ സമയം കൂടിച്ചേരുന്ന ആളുകളുടെ കൂട്ടത്തെ ________ എന്നുപറയുന്നു.

2. സമൂഹശാസ്ത്രപരമായ ഭാവന എന്ന പദം സൃഷ്ടിച്ചത് ________ ആണ്.

3. ജനിച്ച കുടുംബത്തെ _______ എന്നു വിളിക്കുന്നു.
   - (a) ദിശാ കുടുംബം
   - (b) പ്രത്യുൽപാദന കുടുംബം
   - (c) കൂട്ടു കുടുംബം
   - (d) അണു കുടുംബം

4. പങ്കാളിയുടെ നിരീക്ഷണത്തെ പലപ്പോഴും ________ എന്ന് വിളിക്കുന്നു.
   - (a) സർവേ
   - (b) ഫീൽഡ് വർക്ക്
   - (c) അഭിമുഖം
   - (d) കേസ് പഠനം

5. താൽപ്പര്യങ്ങളുടെ ഏറ്റുമുട്ടലിനെ സൂചിപ്പിക്കുന്ന പദമാണ് _______.

6. സഹകരണത്തെ രണ്ടായി വിഭജിക്കുന്നു നിർബന്ധിത സഹകരണം, _______ സഹകരണം.

7. മുമ്പ് താഴ്ന്ന ക്ലാസ് അയൽപക്കത്തെ ഇടത്തരം, ഉയർന്ന ക്ലാസ് എന്നിങ്ങനെ പരിവർത്തനം ചെയ്യുന്ന പ്രക്രിയയെ _______ എന്ന് വിളിക്കുന്നു.
   - (a) ശ്രേണീകരണം
   - (b) മെട്രോപൊളിറ്റൻ പ്രദേശം
   - (c) കുലീനവൽക്കരണം
   - (d) ഏക സമുദായവൽക്കരണം

8. മനുഷ്യർ ഒരു ഘടകമായിരിക്കുന്ന ഭൗതികവും ജൈവികവുമായ സംവിധാനങ്ങളുടെയും പ്രക്രിയയുടെയും ശൃംഖല _______ എന്നറിയപ്പെടുന്നു.

9. ശരത്ചന്ദ്ര റോയ് 1922-ൽ ആരംഭിച്ച ജേർണലാണ് _______.

10. D.P. മുഖർജിയുടെ അഭിപ്രായത്തിൽ ഇന്ത്യൻ പാരമ്പര്യങ്ങളിലെ മാറ്റത്തിന്റെ മൂന്ന് തത്വങ്ങൾ ശ്രുതി, സ്മൃതി, _______ എന്നിവയാണ്.

**II. 11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം.**

**(5 × 2 = 10)**

11. ബന്ധിത സമുദായങ്ങളെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

12. മുൻഗണനാ വിഭാഗങ്ങളുടെ ഏതെങ്കിലും രണ്ട് തരത്തിലുള്ള നേട്ടങ്ങൾ പട്ടികപ്പെടുത്തുക.

13. വംശീയ കേന്ദ്രോന്മുഖതയും സാർവ്വജനീനതയും തമ്മിൽ വേർതിരിക്കുക.

14. മതത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ പട്ടികപ്പെടുത്തുക

15. സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിനു കാരണമായ രണ്ടു ഭൗതിക പ്രശ്നങ്ങൾ രേഖപ്പെടുത്തുക.

**III. 16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

16. നാല് വ്യത്യസ്ത തരം കുടുംബങ്ങളെ പട്ടികപ്പെടുത്തുക.

17. സർവേ രീതിയുടെ ഗുണങ്ങൾ വിശകലനം ചെയ്യുക.

18. സമൂഹശാസ്ത്ര ഗവേഷണ വിഷയമായ ഗ്രാമത്തെ അനുകൂലിച്ചും പ്രതികൂലിച്ചും എം. എൻ. ശ്രീനിവാസും ലൂയിസ് ഡുമോണ്ടും പ്രകടിപ്പിച്ച വാദങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

19. മുതലാളിത്തത്തിൽ അന്യവൽക്കരണ പ്രക്രിയ പല തലങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കാൾ മാർക്സ് വീക്ഷിച്ചു. സാധൂകരിക്കുക.

**IV. 20 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(3 × 5 = 15)**

20. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| A. | അഗസ്റ്റ്സ് കോംതെ | എമിൽ ഡർഖൈം |
| B. | പദവി | ഡി.പി. മുഖർജി |
| C. | സമൂഹത്തിലെ തൊഴിൽ വിഭജനം | എം.എൻ. ശ്രീനിവാസ് |
| D. | ഇന്ത്യൻ സംഗീതത്തിലേക്കുള്ള ആമുഖം | സമൂഹ ശാസ്ത്ര സ്ഥാപകൻ |
| E. | ദക്ഷിണേന്ത്യയിലെ കൂർഗുകൾക്കിടയിലെ മതവും സമൂഹവും | സാമൂഹ്യനില |

21. സോഷ്യോളജിയും സൈക്കോളജിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

22. സാമൂഹ്യശാസ്ത്ര ഗവേഷണത്തിലെ വസ്തുനിഷ്ഠതയും ആത്മനിഷ്ഠതയും ഹ്രസ്വമായി വിശദീകരിക്കുക.

23. വ്യത്യസ്ത തരത്തിലുള്ള വിവാഹങ്ങളും വിവാഹ നിയമങ്ങളും സംക്ഷിപ്തമായി വിശദീകരിക്കുക.

**V. 24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം. (3 × 6 = 18)**

24. സംസ്കാരത്തിന്റെ മൂന്ന് മാനങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക.

25. യാന്ത്രിക ഐക്യദാർഢ്യവും ജൈവീക ഐക്യദാർഢ്യവും വിശദീകരിക്കുക.

26. ഉദ്യോഗസ്ഥവൃന്ദത്തെക്കുറിച്ചു നിർവചിക്കുക. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

27. G.S. ഘുരെ മുന്നോട്ടുവെച്ച ജാതി വ്യവസ്ഥയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

**VI. 28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

28. സാമൂഹിക സംഘത്തെ നിർവചിക്കുകയും വ്യത്യസ്ത തരം സാമൂഹിക സംഘങ്ങളെക്കുറിച്ച് സംക്ഷിപ്തമായി വിശദീകരിക്കുകയും ചെയ്യുക.

29. വിവിധ തരത്തിലുള്ള സാമൂഹികമാറ്റങ്ങളെ വിവരിക്കുക.

30. പ്രധാന പാരിസ്ഥിതിക പ്രശ്നങ്ങളും അപകടസാധ്യതകളും ഉദാഹരണങ്ങൾ സഹിതം വീശദീകരിക്കുക.